# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4091 16.05.2017-ൽ മറുപടിയ്ക്ക്

## കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.രാജഗോപാലൻ<br>ശ്രീ. ഒ.ആർ.കേളു<br>ശ്രീ. കെ.ജെ.മാക്സി<br>ശ്രീ. ഡി.കെ.മുരളി : | ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി<br>തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി |
| എ) കേരളത്തിന്റെ പൈതൃക സമ്പത്തായ അമൂല്യ രേഖാശേഖരങ്ങൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങൾ എന്തെല്ലാമാണ്; | എ) സംസ്ഥാന പുരാരേഖാ വകുപ്പിൽ കേരളത്തിന്റെ അമൂല്യമായ ചരിത്രരേഖകൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനാവശ്യമായ "കെമിക്കൽ കൺസർവേഷൻ " "ഡിജിറ്റൈലൈസേഷൻ" എന്നീ പദ്ധതികൾ നടത്തി വരുന്നു. കെമിക്കൽ കൺസർവേഷന്റെ ഭാഗമായിട്ടുള്ള പേജിനേഷൻ, ഡി-അസിഡിഫിക്കേഷൻ, മെന്റിംഗ്, ഗാർഡിംഗ്, ബയിന്റിംഗ് എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി വകുപ്പിൽ ഒരു കൺസർവേഷൻ വിഭാഗം പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ CHS (Centre for Heritage Studies), NRLC (National Research Laboratory for Conservation of Cultural Properties) തുടങ്ങിയ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തിയും രേഖകളുടെ ശാസ്ത്രീയ സംരക്ഷണ പദ്ധതി വകുപ്പ് നടത്തി വരുന്നു. C-Dit ന്റെ സഹായത്തോടെ പുരാരേഖാകളുടെ ഡിജിറ്റൈസേഷൻ പദ്ധതിയും വകുപ്പ് നടത്തി വരുന്നുണ്ട്. |
| ബി) കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ഇതുകൊണ്ട് ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ; | ബി) ആരാധനാലയങ്ങൾ, സ്ഥാപനങ്ങൾ, ലൈബ്രറികൾ എന്നിവിടങ്ങളിൽ സൂക്ഷിച്ചിട്ടുള്ള ചരിത്രരേഖാ ശേഖരങ്ങൾ, സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള രേഖാശേഖരങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനു വേണ്ടി സംസ്ഥാന ആർക്കൈവ്സ് വകുപ്പ് "കമ്മ്യൂണിറ്റി ആർക്കൈവ്സ് " എന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ സ്വകാര്യ വ്യക്തികളുടെ രേഖാ ശേഖരങ്ങൾ സംരക്ഷിച്ച് അവിടെ തന്നെ സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| സി) താളിയോലകളുടെയും മറ്റ് അമൂല്യ രേഖകളുടെയും ഡിജിറ്റൈസേഷൻ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ? | സി) ആർക്കൈവ്സ് വകുപ്പിലെ 'മതിലകം രേഖകൾ' ഉൾപ്പെടെയുള്ള അമൂല്യമായ താളിയോലരേഖകളുടെ ഡിജിറ്റൈസേഷൻ C-Dit ന്റെ സഹായത്തോടെ ചെയ്തു വരുന്നുണ്ട്. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പുരാരേഖാ വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ